**കേരള സർക്കാർ**

<u>സംഗ്രഹം</u>

സ്ഥിര നിക്ഷേപത്തിന് ഓരോ മാസത്തേയും ആകെയുള്ള ദിവസങ്ങളുടെ അടിസ്ഥാനത്തിൽ പലിശ കണക്കാക്കി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(പി) നമ്പർ.113/2021/ധന.** **തീയതി, തിരുവനന്തപുരം, 11.08.2021.**

പരാമർശം :- ട്രഷറി ഡയറക്ടറുടെ 10.05.2021 – ലെ TRY/1547/2021-F2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സ്ഥിര നിക്ഷേപ തുകയുടെ പലിശ കണക്കാക്കി അതു തുല്യ ഗഡുക്കളായി പ്രതിമാസം നിക്ഷേപകന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് വരവ് വെയ്ക്കുന്നതാണ് നിലവിലെ രീതി. എന്നാൽ, 2020 അധിവർഷമായതിനാൽ (Leap Year) ഈ കാലയളവിൽ സ്വീകരിച്ച നിക്ഷേപങ്ങൾ ക്ലോസ് ചെയ്യുമ്പോഴും പുതുക്കുമ്പോഴും പലിശ നൽകിയതിൽ വ്യത്യാസമുള്ളതായി കാണുന്നുവെന്നും അതിനാൽ, സ്ഥിര നിക്ഷേപത്തിന്റെ പലിശ പ്രതിമാസം തുല്യ ഗഡുക്കളായി നല്കുന്നതിനു പകരം, ഓരോ മാസവും ആകെയുള്ള ദിവസങ്ങളുടെ അടിസ്ഥാനത്തിൽ പലിശ കണക്കാക്കുകയാണെങ്കിൽ പലിശ വ്യത്യാസം സംബന്ധിച്ച സാങ്കേതിക തടസം പരിഹരിക്കാവുന്നതാണെന്നും പരാമർശത്തിലെ കത്ത് പ്രകാരം ട്രഷറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 01.01.2020 മുതലുള്ള നിലവിലെ സജീവ സ്ഥിര നിക്ഷേപങ്ങൾക്ക് ഓരോ മാസവും ആകെയുള്ള ദിവസങ്ങളുടെ അടിസ്ഥാനത്തിൽ പലിശ കണക്കാക്കി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ട്രഷറി സോഫ്റ്റ് വെയറിൽ ഇതിനാവശ്യമായ മാറ്റം വരുത്തുന്നതിന് ട്രഷറി ഡയറക്ടർ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സുരേഷ് കുമാർ. ഒ. ബി.,**
ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും. (ട്രഷറി ഡയറക്ടർ മുഖാന്തിരം)
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ